# പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ
# (FAQ)
# സ്കൂൾ പാൻഡെമിക് EBT (P-EBT)-നെ കുറിച്ച്

*2022-2023 സ്കൂൾ വർഷത്തേക്ക് (January 4, 2023)*

---

**ചോദ്യം1: എന്താണ് P-EBT?**

**A**: ഇത് കോവിഡ്-19-മായി ബന്ധപ്പെട്ട സ്കൂൾ അടച്ചുപൂട്ടലുകളും സ്കൂൾ ഹാജരില്ലായ്മയും മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് ഫെഡറൽ ഗവൺമെന്റ് അംഗീകരിച്ച താൽക്കാലിക ഭക്ഷ്യ ആനുകൂല്യമാണിത്ആനുകൂല്യമാണ്.

---

**ചോദ്യം2: P-EBT ആനുകൂല്യങ്ങൾക്ക് ആരാണ് അർഹർ?**

**A:** ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിക്ക് കീഴിൽ സ്കൂളിൽ സാധാരണഗതിയിൽ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭക്ഷണം ലഭിക്കുന്ന വിദ്യാർത്ഥികളുള്ള വെർമോണ്ട് കുടുംബങ്ങൾ (ഈ അധ്യയന വർഷ സാർവത്രിക സ്കൂൾ ഭക്ഷണത്തെ കുറിച്ച് അറിയാൻ Q3 കൂടെ കാണുക). ഒരു മാസത്തേക്ക് ആനുകൂല്യങ്ങൾ ലഭ്യമാണ്

- വിദ്യാർത്ഥിക്ക് ആ മാസത്തിൽ കോവിഡുമായി ബന്ധപ്പെട്ട ഹാജരില്ലായ്മയുണ്ടായാൽ **<u>കൂടാതെ</u>**
- വിദ്യാർത്ഥിയുടെ സ്കൂൾ P-EBT ന് "യോഗ്യത" നേടിയിരിക്കുകയും ചെയ്തിട്ടുണ്ട് *ഒരു സ്കൂൾ P-EBT ക്ക് എങ്ങനെ യോഗ്യത നേടുന്നു എന്നറിയാൻ സർക്കാർ പദ്ധതി കാണുക: https://dcf.vermont.gov/esd/P-EBT.*

---

**ചോദ്യം3: വെർമോണ്ടിലെ സാർവത്രിക സ്കൂൾ ഭക്ഷണ പദ്ധതി എന്താണ്? ഇത് P-EBT യോഗ്യതയെ ബാധിക്കുമോ?**

**A:** വെർമോണ്ടിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും ചില സ്വതന്ത്ര വിദ്യാലയങ്ങളിലും സാർവത്രിക സ്കൂൾ ഭക്ഷണത്തിനുള്ള സംസ്ഥാന ധനസഹായം നൽകുന്ന നിയമം, ആക്റ്റ് 151 (2022), വെർമോണ്ട് നിയമസഭ പാസാക്കി. ഇത് അർത്ഥമാക്കുന്നത് വെർമോണ്ടിലെ എല്ലാ പൊതു വിദ്യാലയങ്ങളും ചില സ്വതന്ത്ര വിദ്യാലയങ്ങളും ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കുകയും 2022-2023 സ്കൂൾ വർഷത്തിൽ CEP അല്ലെങ്കിൽ പ്രൊവിഷൻ 2 പ്രവർത്തികമാക്കുകയും

ചെയ്യുന്നു എന്നാണ്. ഓരോ സ്കൂളും യോഗ്യത നേടുമ്പോൾ (മുകളിലുള്ള Q2 കാണുക), ഈ സ്കൂളുകളിലെ കൊവിഡ് സംബന്ധമായ കാരണത്താൽ സ്കൂൾ നഷ്ടമാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും അവർക്ക് നഷ്ടമായ ദിവസങ്ങളിൽ P-EBT ആനുകൂല്യം ലഭിക്കും. ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കുകയും സ്കൂൾ ഭക്ഷണത്തിന് വീടുകളിൽ നിന്ന് പണം ഈടാക്കുകയും ചെയ്യുന്ന സ്വതന്ത്ര സ്കൂളുകളിൽ, സൗജന്യ ഭക്ഷണത്തിനോ കുറഞ്ഞ വിലയുള്ള ഭക്ഷണത്തിനോ അർഹത നേടിയാൽ മാത്രമേ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കൂ.

---

## ചോദ്യം4: കോവിഡുമായി ബന്ധപ്പെട്ട ക്ഷമിക്കാവുന്ന ഹാജരില്ലായ്മക്കുള്ള യോഗ്യത എന്താണ്?

**A:** ഇനിപ്പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഈ മാസത്തിനിടയിൽ സ്കൂളിൽ ഹാജരില്ലാതിരിക്കുക എന്നാണ് കോവിഡുമായി ബന്ധപ്പെട്ട ഹാജരില്ലായ്മ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്:

- കോവിഡ് പോസിറ്റീവ് അല്ലെങ്കിൽ അനുമാനിക്കപ്പെടുന്ന കോവിഡ് രോഗം,
- ഒരു കോവിഡ് പോസിറ്റീവ് ആയ വ്യക്തിയുമായി അടുത്ത ബന്ധം തിരിച്ചറിഞ്ഞു,
- ക്വാറന്റൈൻ ചെയ്യാനും കൂടാതെ/അല്ലെങ്കിൽ കോവിഡ് പരിശോധന നടത്താനും ആവശ്യപ്പെടുന്ന കോവിഡ് ലക്ഷണങ്ങൾ, അല്ലെങ്കിൽ
- പോസിറ്റീവ് കേസുകൾ, കോവിഡിന്റെ ഫലമായുണ്ടായ ജീവനക്കാരുടെ കുറവ്, കോൺടാക്റ്റ് ട്രെയ്സിംഗ് നടത്തേണ്ടതിന്റെ ആവശ്യകത മുതലായവ ഉൾപ്പെടെ, ആസൂത്രിതമല്ലാത്ത ക്ലാസ് റൂം, ഗ്രേഡ് അല്ലെങ്കിൽ സ്കൂൾ അടച്ചുപൂട്ടൽ, അല്ലെങ്കിൽ കോവിഡ് സംബന്ധമായ കാരണത്താൽ വിദൂരവിദ്യാഭാസത്തിലേക്കുള്ള മാറ്റം.
- കൊവിഡുമായി ബന്ധപ്പെട്ട ഹാജരില്ലായ്മയെ കുറിച്ചുള്ള കൂടുതൽ വിശദമായ വിവരങ്ങൾക്ക്, ദയവായി കാണുക:https://education.vermont.gov/documents/definition-of-covid19-related-absences-for-purposes-of-issuing-pebt-benefits

---

## ചോദ്യം5: ഞങ്ങളുടെ സ്കൂൾ ഒരു മഞ്ഞു ദിവസം കാരണത്താലോ അല്ലെങ്കിൽ വെള്ളത്തിന്റെ പൈപ്പ്

**പൊട്ടിയ കാരണത്താലോ അല്ലെങ്കിൽ ഹീറ്റിംഗ് സിസ്റ്റം തകർന്ന കാരണത്താലോ അടച്ചു. അങ്ങനെ നഷ്ടപ്പെട്ട ദിവസങ്ങളിൽ അത് വിദ്യാർത്ഥികളെ P-EBT ന് യോഗ്യമാക്കുമോ?**

**A:** ഇല്ല, കൊവിഡുമായി ബന്ധപ്പെട്ട കാരണത്താൽ സ്കൂൾ അടച്ചുപൂട്ടിയത് മാത്രം പരിഗണിക്കുകയുള്ളൂ.

---

## ചോദ്യം6. എന്റെ വീട്ടുകാർക്ക് യോഗ്യതയുണ്ടോ എന്ന് എനിക്ക് എങ്ങനെ കണ്ടെത്താം?

**A:** വെർമോണ്ട് സംസ്ഥാനം നൽകുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നിങ്ങളുടെ വിദ്യാർത്ഥിക്ക് യോഗ്യതയുണ്ടോ എന്ന് നിങ്ങളുടെ വിദ്യാർത്ഥിയുടെ സ്കൂൾ നിർണ്ണയിക്കും. ഫയലിൽ ശരിയായ വിവരങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ സ്കൂൾ നിങ്ങളെ ബന്ധപ്പെട്ടേക്കാം. ദയവായി അവരുടെ അഭ്യർത്ഥനയോട് പ്രതികരിക്കുക. നിങ്ങൾക്ക് യോഗ്യതയുണ്ടെങ്കിൽ, നിങ്ങൾക്ക് എങ്ങനെ, എപ്പോൾ ആനുകൂല്യം ലഭിക്കുമെന്ന് വിശദീകരിക്കുന്ന ഒരു കത്ത് കുട്ടികൾക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള വകുപ്പിൽ (DCF) നിന്ന് നിങ്ങൾക്ക് ലഭിക്കും.

---

## ചോദ്യം7: എനിക്ക് കഴിഞ്ഞ അധ്യയന വർഷം (2021-22) ഒരു P-EBT കാർഡ് ലഭിച്ചിരുന്നു, എന്നാൽ ഇപ്പോൾ അത് ഇല്ല. അതൊരു പ്രശ്നമാണോ?

**A:** DCF ന് നിങ്ങൾക്ക് പകരം ഒരു കാർഡ് അയയ്ക്കാനാകും. 2023 ഏപ്രിലിൽ അയയ്ക്കുന്ന ആനുകൂല്യ അറിയിപ്പ് കത്തുകളിൽ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തും. നിങ്ങൾക്ക് ഒരു പുതിയ കാർഡ് ലഭിച്ചാൽ ദയവായി അത് സൂക്ഷിച്ച് വെക്കുക. ഈ അധ്യയന വർഷം ഒന്നിലധികം തവണ പണം നൽകുന്നതിനാൽ അധിക ആനുകൂല്യങ്ങൾ ഇതിലേക്ക് ചേർത്തേക്കാം.

---

## ചോദ്യം8: ആനുകൂല്യങ്ങൾ എപ്പോഴാണ് നൽകുന്നത്?

**A:** 2022 സെപ്റ്റംബർ മുതൽ 2023 ജനുവരി വരെ*യുള്ള ആദ്യ ഘട്ട ആനുകൂല്യങ്ങൾ* 2023 ഏപ്രിലിൽ നൽകുന്നതാണ്. *2023 ഫെബ്രുവരി മുതൽ 2023 ജൂൺ വരെയുള്ള ആനുകൂല്യങ്ങൾ* 2023 ഓഗസ്റ്റിൽ നൽകാനാണ് പദ്ധതിയിട്ടിരിക്കുന്നത്. കൂടുതൽ വ്യക്തമായ വിവരങ്ങൾക്ക് DCF വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്ത പതിവുചോദ്യങ്ങൾ പരിശോധിക്കുന്നത് തുടരുക: [https://dcf.vermont.gov/esd/P-EBT](https://dcf.vermont.gov/esd/P-EBT). ഫെഡറൽ

COVID-19 പൊതുജനാരോഗ്യ അടിയന്തരാവസ്ഥ നിലവിലെ അധ്യയനവർഷം അവസാനിക്കുകയാണെങ്കിൽ, ഈ അധ്യയന വർഷം P-EBT ആനുകൂല്യങ്ങൾ ഫെഡറൽ ഗവൺമെന്റ് അവസാനിപ്പിക്കുമെന്നത് ശ്രദ്ധിക്കുക. അങ്ങനെയെങ്കിൽ, P-EBT ലഭ്യമാകുന്ന അവസാന മാസത്തെ കുറിച്ച് അറിയിപ്പ് നൽകാനായി ഈ പതിവുചോദ്യങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതാണ്.

---

**ചോദ്യം9: P-EBT ആനുകൂല്യം എത്രയാണ്?**
**A:** കോവിഡുമായി ബന്ധപ്പെട്ട മാപ്പർഹിക്കുന്ന ഹാജരില്ലാത്ത ഒരു വിദ്യാർത്ഥിക്ക് ഓരോ ദിവസത്തിനും P-EBT ആനുകൂല്യം 8.18 ഡോളർ ആണ്.

---

**Q10: വീട്ടിൽ എത്ര കുട്ടികൾ ഉണ്ടെങ്കിലും P-EBT ആനുകൂല്യം ഒന്നുതന്നെയാണോ?**
**A:** ഓരോ മാസവും കോവിഡുമായി ബന്ധപ്പെട്ട മാപ്പർഹിക്കുന്ന ഹാജരില്ലാത്ത ദിവസങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസ ആനുകൂല്യ തുക വേർതിരിച്ചു നിശ്ചയിച്ചിരിക്കുന്നു. കുടുംബത്തിലെ ഓരോ കുട്ടിയും P-EBT ക്ക് അർഹതയുള്ള ഓരോ മാസവും ദിവസങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങൾക്ക് വ്യത്യസ്ത ആനുകൂല്യങ്ങൾ ലഭിക്കും.

---

**ചോദ്യം11: എന്റെ കുട്ടിയുടെ സംരക്ഷണം രണ്ട് വീട്ടുകാർക്കിടയിൽ വിഭജിച്ചിരിക്കുകയാണ്. ആർക്കാണ് ആനുകൂല്യം ലഭിക്കുക?**
**A:** വിദ്യാർത്ഥിയുടെ സ്കൂൾ "ഗൃഹനാഥൻ" എന്ന് പട്ടികപ്പെടുത്തിയ മുതിർന്നയാൾക്കാണ് ആനുകൂല്യം അയയ്ക്കുക. ഇത് വിദ്യാർത്ഥിക്ക് സൗജന്യത്തിനോ കുറവിനോ അപേക്ഷ സമർപ്പിച്ച പ്രായപൂർത്തിയായ ആളോ അല്ലെങ്കിൽ സ്കൂൾ സിസ്റ്റത്തിൽ പ്രാഥമിക ബന്ധുവായി പട്ടികപ്പെടുത്തിയ മുതിർന്നവരോ ആവാം. “കുടുംബനാഥനായി” ആരെയാണ് പട്ടികപ്പെടുത്തേണ്ടതെന്ന് സ്ഥിരീകരിക്കാൻ സ്കൂളുകൾ ജനുവരിയിൽ കുടുംബങ്ങളെ ബന്ധപ്പെടുന്നു. "ഗൃഹനാഥനെ" അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിൽ ദയവായി സ്കൂളുമായി ബന്ധപ്പെടുക..

---

## ചോദ്യം12: ഈ ആനുകൂല്യം ഉപയോഗിച്ച് എനിക്ക് എന്താണ് വാങ്ങാനാവുക??

**A:**USDA വെബ്സൈറ്റിൽനിങ്ങളുടെ P-EBT ആനുകൂല്യം ഉപയോഗിച്ച് നിങ്ങൾക്ക് വാങ്ങാൻ കഴിയുന്ന ഭക്ഷ്യവസ്തുക്കൾ കാണുക: https://www.fns.usda.gov/snap/eligible-food-items.

---

## ചോദ്യം13: എനിക്ക് എന്റെ P-EBT കാർഡ് എവിടെ ഉപയോഗിക്കാം?

**A:** 3SquaresVT സ്വീകരിക്കുന്ന ഏത് സ്ഥലത്തും യോഗ്യതയുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ നിങ്ങൾക്ക് ഇത് ഉപയോഗിക്കാം. ഇതിൽ പലചരക്ക് കടകൾ, സൂപ്പർമാർക്കറ്റുകൾ, കൺവീനിയൻസ് സ്റ്റോറുകൾ, വെർമോണ്ടിലെ നിരവധി കർഷക വിപണികൾ എന്നിവ ഉൾപ്പെടുന്നു. DCF-ന്റെ വെബ്സൈറ്റിൽ കൂടുതലറിയുക https://dcf.vermont.gov/benefits/ebt.

---

## ചോദ്യം 14: എനിക്ക് സ്കൂളിൽ പഠിക്കുന്ന കുട്ടികളില്ല. എനിക്ക് ഈ ആനുകൂല്യം ലഭിക്കുമോ?

**A:** ഇപ്പോൾ കൊവിഡുമായി ബന്ധപ്പെട്ട ഹാജരില്ലായ്മ കാരണമായി വീട്ടിൽ വെച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം വീട്ടിൽ തന്നെ കഴിക്കേണ്ടതുള്ളതിനാൽ ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിലൂടെ കുട്ടികൾക്ക് സാധാരണയായി സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭക്ഷണം ലഭിക്കുന്ന കുടുംബങ്ങൾക്കും ചോദ്യം 16 ൽ പട്ടികപ്പെടുത്തിയിരിക്കുന്ന അനിവാര്യമായ കാര്യങ്ങൾ നിറവേറ്റുന്നവർക്കും മാത്രമാണ് ഈ ആനുകൂല്യം..

---

## Q15: ഇത് പൊതുവിദ്യാലയത്തിലെ കുട്ടികൾക്ക് മാത്രമാണോ?

**A:** അല്ല. ചില സ്വതന്ത്ര സ്കൂളുകൾ ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്, ആ സ്കൂളുകളിലെ കുട്ടികൾ ഈ ആനുകൂല്യത്തിന് അർഹരായേക്കാം. എങ്കിലും, പല സ്വതന്ത്ര സ്കൂളുകളും ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കുന്നില്ല, അതിനാൽ അവരുടെ വിദ്യാർത്ഥികൾ യോഗ്യരുമല്ല.

---

## ചോദ്യം16: എന്റെ കുട്ടി ഈ വർഷം വീട്ടിൽ വെച്ചാണ് പഠിക്കുന്നത്. ആനുകൂല്യത്തിന് ഞങ്ങൾ യോഗ്യരാണോ?

**A:** ഫെഡറൽ ഗവൺമെന്റിന്റെ പുതിയ മാർഗ്ഗനിർദ്ദേശത്തെ അടിസ്ഥാനമാക്കി ഈ അധ്യയന വർഷം P-EBT ആനുകൂല്യത്തിന് നിങ്ങൾക്ക് യോഗ്യത നേടാം. ഇനിപ്പറയുന്ന വീട്ടിൽ വെച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം P-EBT ആനുകൂല്യത്തിന് അർഹതയുണ്ടായേക്കാം:

- 2022-2023 അധ്യയന വർഷത്തിൽ ഹോം സ്റ്റഡിക്കുള്ള വിദ്യാഭ്യാസ ഏജൻസി മുഖേനയാണ് വിദ്യാർത്ഥി എൻറോൾ ചെയ്തത്
- 2020 ജനുവരി 27-ന് ശേഷം ഹോം സ്റ്റഡിയിൽ ചേർന്ന വിദ്യാർത്ഥി (ജനുവരി 27, 2020-ന് മുമ്പ് ഹോം സ്റ്റഡിയിൽ ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതയില്ല)
- ഒന്നുകിൽ തങ്ങൾ 2020 ജനുവരി മുതൽ വെർമോണ്ടിൽ പുതിയവരായതുകൊണ്ടോ അല്ലെങ്കിൽ കുട്ടി ഈ അധ്യയന വർഷം കിന്റർഗാർഡനിലോ ഒന്നാം ക്ലാസിലോ രണ്ടാം ക്ലാസിലോ പഠിക്കുന്നത് കൊണ്ടോ വിദ്യാർത്ഥി മുമ്പ് വെർമോണ്ട് സ്കൂളിൽ നേരിട്ട് പങ്കെടുത്തില്ലെങ്കിൽ, കൊവിഡിനെ കുറിച്ചുള്ള ആശങ്കകൾ കാരണം ഈ അധ്യയന വർഷം തങ്ങളുടെ കുട്ടിയെ വീട്ടിൽ പഠിപ്പിക്കുകയാണെന്ന് അച്ഛനമ്മമാരോ/രക്ഷാകർത്താവോ സാക്ഷ്യപ്പെടുത്തുന്നു.

---

## ചോദ്യം17: വിദ്യാഭ്യാസ ഏജൻസി മുഖേന വീട്ടിൽ വെച്ച് പഠിക്കാൻ എൻറോൾ ചെയ്ത കുടുംബങ്ങൾ ഈ അധ്യയന വർഷം P-EBT ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കേണ്ടതുണ്ടോ?

**A:** ഇല്ല. AOE, DCF എന്നിവ ഹോം സ്റ്റഡി P-EBT ആനുകൂല്യങ്ങൾ നൽകുന്നതിന് ഫയലിലെ ഹോം സ്റ്റഡി എൻറോൾമെന്റ് വിവരങ്ങൾ ഉപയോഗിക്കുന്നതാണ്. വെർമോണ്ടിലെ എല്ലാ പൊതുവിദ്യാലയങ്ങളും പ്രൊവിഷൻ 2, CEP എന്നിവയിലൂടെ സൗജന്യ ഭക്ഷണം വാഗ്ദാനം ചെയ്യുന്നതിനാൽ, ചോദ്യം 16-ൽ ലിസ്റ്റുചെയ്തിരിക്കുന്ന ആവശ്യകതകൾ നിറവേറ്റുന്ന എല്ലാ ഹോം സ്റ്റഡി വിദ്യാർത്ഥികൾക്കും സൗജന്യവും വില കുറച്ചതുമായ സ്കൂൾ ഭക്ഷണത്തിന് അർഹതയുണ്ടെന്ന് തെളിയിക്കാതെ തന്നെ ആനുകൂല്യം സ്വീകരിക്കാനാകും. കുടുംബങ്ങൾ പൂർത്തിയാക്കേണ്ട സാക്ഷ്യപ്പെടുത്തലുകൾ പൂർത്തിയാക്കാനും കൊവിഡ് ആശങ്കകൾ കാരണം ഈ വർഷം തങ്ങളുടെ കുട്ടി വീട്ടിൽ വെച്ചാണ് പഠിക്കുന്നതെന്ന് സ്ഥിരീകരിക്കുന്നതിനും, പേർവിവരപ്പട്ടികയെ കുറിച്ചോ AOE-യുടെ സമീപമുള്ള ഫയലിലെ ബന്ധപ്പെടാനുള്ള

വിവരങ്ങളെക്കുറിച്ചോ എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിലും ഹോം സ്റ്റഡി കുടുംബങ്ങളുമായി AOE ബന്ധപ്പെടുന്നതാണ്.

---

**ചോദ്യം18: ഹോം സ്റ്റഡി P-EBT ആനുകൂല്യം എത്രയാണ്?**
**A:** AOE മുഖേന ഹോം സ്റ്റഡിയിൽ എൻറോൾ ചെയ്യപ്പെടുന്ന വിദ്യാർത്ഥിക്ക് സെപ്തംബർ മുതൽ ജൂൺ വരെയുള്ള ഓരോ മാസവും ഹോം സ്റ്റഡി ആനുകൂല്യം പ്രതിമാസം $143.15 ആയിരിക്കും. ഫെഡറൽ COVID-19 പൊതുജനാരോഗ്യ അടിയന്തരാവസ്ഥ നിലവിലെ അധ്യയനവർഷം അവസാനിക്കുകയാണെങ്കിൽ, ഈ അധ്യയന വർഷം P-EBT ആനുകൂല്യങ്ങൾ ഫെഡറൽ ഗവൺമെന്റ് അവസാനിപ്പിക്കുമെന്നത് ശ്രദ്ധിക്കുക. അങ്ങനെയെങ്കിൽ, P-EBT ലഭ്യമാകുന്ന അവസാന മാസത്തെ കുറിച്ച് അറിയിപ്പ് നൽകാനായി ഈ പതിവുചോദ്യങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതാണ്.

---

**ചോദ്യം19: ഹോം സ്റ്റഡി P-EBT ആനുകൂല്യം എപ്പോഴാണ് വിതരണം ചെയ്യുക?**
**A:** ഹോം സ്റ്റഡി ആനുകൂല്യം 2023 മെയ് മാസത്തിൽ ഒറ്റത്തവണയായി നൽകുന്നതാണ്, കൂടാതെ ഫെഡറൽ പബ്ലിക് ഹെൽത്ത് എമർജൻസി ജൂണിനുമുമ്പ് അവസാനിച്ചില്ലെങ്കിൽ സെപ്റ്റംബർ മുതൽ ജൂൺ വരെയുള്ള ആനുകൂല്യങ്ങളും ഉൾപ്പെടുത്തും. അങ്ങനെയെങ്കിൽ, P-EBT ലഭ്യമാകുന്ന അവസാന മാസത്തെ കുറിച്ച് അറിയിപ്പ് നൽകാനായി ഈ പതിവുചോദ്യങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതാണ്.

---

**ചോദ്യം20: സ്കൂൾ അടച്ചിരിക്കുമ്പോഴോ എന്റെ കുട്ടി ഹാജരാകാതിരിക്കുമ്പോഴോ, ഞങ്ങൾ പോകാനുള്ള ഭക്ഷണം എടുക്കുകയാണ് അല്ലെങ്കിൽ സ്കൂൾ വീട്ടിലേക്ക് ഭക്ഷണം അയക്കുന്നു. എനിക്ക് P-EBT ആനുകൂല്യം ലഭിക്കുകയാണെങ്കിൽ ഞാൻ ഇത് നിർത്തേണ്ടതുണ്ടോ? അത് ആനുകൂല്യത്തിൽ നിന്ന് ഞങ്ങളെ അയോഗ്യരാക്കുമോ?**
**A:** ഇല്ല. വിദൂര പഠന ദിവസങ്ങളിൽ ഭക്ഷണം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോഴും P-EBT ആനുകൂല്യത്തിന് അർഹതയുണ്ട്. നിങ്ങൾക്ക് ഇപ്പോഴും ആ ഭക്ഷണം ലഭിക്കുകയും ഈ ആനുകൂല്യത്തിന് യോഗ്യത നേടുകയും ചെയ്യാം.

---

## ചോദ്യം21: എനിക്ക് സ്കൂളിലോ ഹോം സ്റ്റഡിക്കോ ചേർക്കാത്ത മറ്റ് കുട്ടികളുണ്ട്. അവർ ആനുകൂല്യത്തിന് അർഹരാണോ?

**A:** അല്ല. ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ സാധാരണയായി പങ്കെടുക്കുന്ന ഒരു സ്കൂളിൽ ചേരുന്ന കുട്ടികൾക്കോ അല്ലെങ്കിൽ ചോദ്യം 16 ലെ മാനദണ്ഡങ്ങൾ പാലിക്കുന്ന AOE മുഖേന ഹോം സ്റ്റഡിയിൽ ചേർന്നിട്ടുള്ള യോഗ്യരായ വിദ്യാർത്ഥികൾക്കോ മാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ.

---

## ചോദ്യം22: ദേശീയ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കുന്ന ഒരു സ്വതന്ത്ര സ്കൂളിലാണ് എന്റെ കുട്ടികൾ പഠിക്കുന്നത്. എന്റെ മക്കൾ മുമ്പ് സൗജന്യമായതോ കുറഞ്ഞ വിലയോ ഉള്ള ഭക്ഷണത്തിന് യോഗ്യരായിരുന്നില്ല, എന്നാൽ ഇപ്പോൾ ഞങ്ങളുടെ സ്ഥിതി മാറിയിരിക്കുന്നു. എനിക്ക് P-EBT ലഭിക്കുമോ?

**A:** നിങ്ങളുടെ സാമ്പത്തിക സ്ഥിതി മാറിയിട്ടുണ്ടെങ്കിൽ, ഇതിനായി അപേക്ഷിക്കാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു:

- **3SquaresVT** നിങ്ങൾക്ക് പ്രതിമാസ ആനുകൂല്യം ലഭിക്കുകയാണ്**എങ്കിൽ** നിങ്ങളുടെ കുട്ടി സ്കൂളിൽ സൗജന്യ ഭക്ഷണത്തിന് യോഗ്യത നേടുകയും P-EBT ആനുകൂല്യം ലഭിക്കുകയും ചെയ്യും. എങ്ങനെ അപേക്ഷിക്കണമെന്ന് DCF വെബ്സൈറ്റിൽ കണ്ടെത്തുക https://dcf.vermont.gov/benefits/3SquaresVT.
- **സൗജന്യമോ കുറഞ്ഞ വിലയോ ഉള്ള ഭക്ഷണം** –നിങ്ങളുടെ കുട്ടിയുടെ സ്കൂളിൽ നിന്നോ വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റിൽ നിന്നോഅപേക്ഷ ഫോം ലഭിക്കുംhttps://education.vermont.gov/. നിങ്ങളുടെ സ്കൂളിൽ സമർപ്പിച്ച അംഗീകൃത അപേക്ഷകൾ, 2022 സെപ്റ്റംബർ വരെയുള്ള ആനുകൂല്യങ്ങൾക്ക് നിങ്ങളുടെ വീട്ടുകാരെ യോഗ്യരാക്കിയേക്കാം.

---

## ചോദ്യം23: എനിക്ക് ഈ ആനുകൂല്യം ആവശ്യമില്ലെങ്കിലോ?

**A:** പങ്കാളിത്തം സ്വന്തഇഷ്ടപ്രകാരമാണ്. നിങ്ങൾ പങ്കെടുക്കേണ്ടെന്ന് തീരുമാനിക്കുകയാണെങ്കിൽ, ഒന്നുകിൽ:

- നിങ്ങളുടെ 3SquaresVT EBT കാർഡിൽ നൽകിയിട്ടുള്ള അധിക ആനുകൂല്യങ്ങൾ ഉപയോഗിക്കരുത്.*അല്ലെങ്കിൽ*

- മാഗ്നറ്റിക് സ്ട്രിപ്പ് മുറിച്ച് നിങ്ങൾക്ക് പ്രത്യേകം നൽകിയ P-EBT കാർഡ് ഒഴിവാക്കുകയും സുരക്ഷിതമായ രീതിയിൽ ഉപേക്ഷിക്കുകയും ചെയ്യുക. നിങ്ങളുടെ കാർഡ് മറ്റൊരാൾക്ക് നൽകരുത്.

---

## ചോദ്യം24: P-EBT ആനുകൂല്യങ്ങൾ ചെലവഴിച്ചില്ലെങ്കിൽ അവ കാലഹരണപ്പെടുമോ?

**A:** അതെ. 274 ദിവസത്തിനുള്ളിൽ കാർഡ് ഉപയോഗിച്ചില്ലെങ്കിൽ P-EBT ആനുകൂല്യങ്ങൾ കാലഹരണപ്പെടും.

---

## ചോദ്യം 25: എനിക്ക് കൂടുതൽ ചോദ്യങ്ങളുണ്ട്. എവിടെ നിന്നാണ് എനിക്ക് കൂടുതൽ മനസ്സിലാക്കാൻ കഴിയുക?

**A:** https://dcf.vermont.gov/esd/P-EBT ലേക്ക് പോവുക അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾക്കായി 1-800-479-6151, ഓപ്ഷൻ 7 ൽ വിളിക്കുക. സൗജന്യവും കുറഞ്ഞ വിലക്കുമുള്ള ഭക്ഷണത്തിനുള്ള നിങ്ങളുടെ വിദ്യാർത്ഥിയുടെ യോഗ്യതയെക്കുറിച്ച് നിങ്ങൾക്ക് പ്രത്യേകമായ വല്ല ആശങ്കകളുമുണ്ടെങ്കിൽ അല്ലെങ്കിൽ കാർഡ് ഇഷ്യൂ ചെയ്യാൻ ഉപയോഗിക്കുന്ന ഗൃഹനാഥനെയോ മെയിലിംഗ് വിലാസത്തെയോ മാറ്റാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദയവായി നിങ്ങളുടെ വിദ്യാർത്ഥിയുടെ സ്കൂളുമായി ബന്ധപ്പെടുക.